ഉത്തരം

(എ) ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്കു മാത്രമായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലില്ല.

(ബി—ഇ) ചോദ്യം ഉദിക്കുന്നില്ല.

അനുവദിക്കുന്ന സാമൂഹ്യക്ഷേമ പെൻഷനുകളുടെ കുടിശ്ശിക

152 [2632] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമവകുപ്പ് മുഖേന അനുവദിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ ഏതെല്ലാമെന്നും ഇവ ഏത് മാസം വരെയാണ് നൽകിയിട്ടുള്ളതെന്നും തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യക്ഷേമ വകുപ്പ് തുക അനുവദിച്ചിട്ടും ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത പെൻഷൻ തുകകൾ യഥാസമയം നൽകുന്നില്ലെന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഈ വിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ബി) ഇല്ല.

പെൻഷൻ കുടിശ്ശിക നൽകാൻ വേണ്ട തുക

153 [2633] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യകാല, അഗതി, വിധവാ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പെൻഷൻ പദ്ധതിയിൽ ഓരോന്നിലും എത്ര ഗുണഭോക്താക്കൾ വീതമുണ്ടെന്നും അവർക്ക് പെൻഷൻ നൽകുന്നതിന് എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ഡി) കുടിശ്ശിക തീർത്ത് നൽകുന്നതിന് ആകെ എത്ര തുക വേണ്ടിവരും;

(ഇ) ബാക്കി തുക എപ്രകാരം കണ്ടെത്താൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ;

(എഫ്) പുതിയ അപേക്ഷകൾ പരിഗണിക്കുമോ;

(ജി) ഇപ്പോൾ എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നു എന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly